# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 സെപ്റ്റംബർ 14**

---

## മാറ്റി വച്ച പരീക്ഷകൾ 19 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല മാറ്റി വച്ച സെപ്റ്റംബർ നാല്, അഞ്ച്, ഏഴ്, എട്ട് തീയതികളിലെ പരീക്ഷകൾ സെപ്റ്റംബർ 19ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1108/2023)

## പ്ലേജിയറിസം സോഫ്റ്റ്വെയർ

മഹാത്മാ ഗാന്ധി സർവകലാശാല ലൈബ്രറിയിൽ ഐതെൻറിക്കേറ്റ് പ്ലേജിയറിസം സോഫ്റ്റ്വെയർ ലഭ്യമാണ്. പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രോജക്ട് റിപ്പോർട്ട്, ഡിസ്സെർട്ടേഷൻ, തീസിസ് എന്നിവ പരിശോധിക്കാവുന്നതാണ്. അധ്യാപകർക്കും വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും ഈ സേവനം ഉപയോഗപ്പെടുത്താം. വിശദവിവരങ്ങൾ സർവകലാശാല ലൈബ്രറി വെബ്സൈറ്റിൽ(library.mgu.ac.in)

(പി.ആർ.ഒ/39/1109/2023)

## എം.ജി പ്രൈവറ്റ് രജിസ്ട്രേഷൻ യു.ജി, പി.ജി; അപേക്ഷാ സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ 2023-24 യു.ജി, പി.ജി പ്രോഗ്രാമുകളുടെ ഫുൾ,നോൺ ഫുൾ കോഴ്സുകളിലേക്ക് നവംബർ 30 വരെ പിഴയില്ലാതെ അപേക്ഷ നൽകാം.

ഡിസംബർ ഒന്നു മുതൽ 16 വരെ പിഴയോടു കൂടിയും ഡിസംബർ 17 മുതൽ 30 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1110/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെൻറ്(2020 അഡ്മിഷൻ റഗുലർ, 2016-2019 അഡ്മിഷനുകൾ സപ്ലിമെൻററി, 2013, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) കോഴ്സിൻറെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾക്ക് സെപ്റ്റംബർ 28 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

പിഴയോടു കൂടി സെപ്റ്റംബർ 29നും സൂപ്പർ ഫൈനോടു കൂടി സെപ്റ്റംബർ 30നും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

............................

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ രണ്ടാം സെമസ്റ്റർ എം.എഡ്(സി.എസ്.എസ് - 2022-24 ബാച്ച് റഗുലർ, 2021-23 ബാച്ച് സപ്ലിമെൻററി) എക്സ്റ്റേണൽ പരീക്ഷ - സെപ്റ്റംബർ 2023 സെപ്റ്റംബർ 29ന് ആരംഭിക്കും.

സെപ്റ്റംബർ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

സെപ്റ്റംബർ 21ന് പിഴയോടു കൂടിയും സെപ്റ്റംബർ 25 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

............................

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്(2014 മുതൽ 2016 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013 അഡ്മിഷൻ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സൈബർ ഫോറൻസിക്(2014 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് സെപ്റ്റംബർ 28 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

പിഴയോടു കൂടി സെപ്റ്റംബർ 29നും സൂപ്പർ ഫൈനോടു കൂടി സെപ്റ്റംബർ 30നും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

............................

അഞ്ചാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി(2020 അഡ്മിഷൻ റഗുലർ, 2016 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ഒക്ടോബർ ഒൻപതിന് ആരംഭിക്കും.

സെപ്റ്റംബർ 26 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. സെപ്റ്റംബർ 28 വരെ

പിഴയോടു കൂടിയും സെപ്റ്റംബർ 29ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1111/2023)

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി (ജനറൽ മെറിറ്റ് -6), എം.എസ്.സി മെറ്റീരിയൽ സയൻസ് (ജനറൽ മെറിറ്റ് -1, ഒ.ഇ.സി-എസ്.സി -1, ഒ.ഇ.സി-എസ്.ടി -1), എം.എസ്.സി ഫിസിക ്സ്(ഒ.ഇ.സി-എസ്.സി -1, ഒ.ഇ.സി-എസ്.ടി -1), എം.എസ്.സി കെമിസ്ട്രി (ഒ.ഇ.സി-എസ്.സി -1, ഒ.ഇ.സി-എസ്.ടി -1) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി സെപ്റ്റംബർ 18ന് രാവിലെ 11.30ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സ്കൂൾ ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 7736997254

(പി.ആർ.ഒ/39/1112/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസസിംഗ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 20ന് കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ(www.mgu.ac.in)

(പി.ആർ.ഒ/39/1113/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**